# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ് , തിരുവനന്തപുരം 695 039.

Tel: 0471 2320920, Fax: 0471 2330920
Email: sic@infokerala.org.in

**ഹർജി നമ്പർ: AP No.270/2007/SIC** തീർപ്പു കൽപ്പിച്ചു കൊ    ുളള നടപടിക്രമം

**നംപർ. 1094/എസ്.ഐ.സി–ജി1/2007**

ശ്രീ. ബി.എസ്. ഷിബു,
റ്റി.സി.19/1961–1 (കെ.ആർ.ആർ.എ.32),
മുടവൻമുകൾ, പൂജപ്പുര,
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1. ശ്രീ. എം.കെ. പുരുഷോത്തമൻ,
സീനിയർ ക്ളാർക്ക് &
പബ്ളിക് ഇൻഫർമേഷൻ ആഫീസർ,
കൺസ്യൂമർഫെഡ്,
ഗാന്ധി നഗർ, കൊച്ചി–20.

2. മാനേജിംഗ് ഡയറക്ടർ & അപ്പലേറ്റ് അതോറിറ്റി,
കൺസ്യൂമർഫെഡ്,
ഗാന്ധി നഗർ, കൊച്ചി–20.
} എതൃകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ബി.എസ്. ഷിബു 19.2.2007 തീയതിവച്ച് സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജി AP No.270/2007/SIC ആയി ഫയലിൽ സ്വീകരിച്ചിട്ടുളളതും തുടർ നടപടികൾ കൈക്കൊ    ിട്ടുളളതുമാണ്.

2. ഹർജിക്കാസ്പദമായ സംഗതികൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു:

അപ്പീൽ ഹർജിക്കാരൻ 7.11.2006 തീയതി വച്ച് 1–ാം എതൃകക്ഷി മുൻപാകെ വിവരാ-വകാശ നിയമ പ്രകാരം ചില വിവരങ്ങൾ തേടികൊ ് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. താൻ 23.9.2002–ന് 2–ാം എതൃകക്ഷി മുൻപാകെ സമർപ്പിച്ച ഒരു ഹർജിയുമായി

ബന്ധപ്പെട്ട ചില വിവരങ്ങളാണ് ഹർജിക്കാരൻ തേടിയത്. തന്റെ അപേക്ഷക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന്, അപ്പീൽ ഹർജിക്കാരൻ 3.1.2007-ന് ര ാം എതൃകക്ഷി മുൻപാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. നിശ്ചിത സമയപരിധിക്ക് ശേഷവും ഒന്നാം അപ്പീൽ തീർപ്പാക്കിയില്ലെന്ന് പരാതിപ്പെട്ടുകൊ ാണ് വിവരാവകാശ കമ്മിഷൻ മുൻപാകെ 2-ാം അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

3. അപ്പീൽ ഹർജിയുടെ ഒരു പകർപ്പ് 2-ാം എതൃകക്ഷിക്കയച്ചു കൊടുത്തുകൊ ് ഹർജിയിൻമേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിഷൻ നോട്ടീസ് നൽകി. ഇതനുസരിച്ച് 2-ാം എതൃകക്ഷി 29.6.07 തീയതിവച്ച് കമ്മിഷൻ മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുകയു ായി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 28.6.2007-ന് അയച്ചുകൊടുത്തിട്ടു ന്ന് 2-ാം എതൃകക്ഷിയുടെ റിപ്പോർട്ടിൽ പറയുന്നു. അപ്പീൽ ഹർജിക്കാരന്റെ ശംപളം, യാത്രാപടി എന്നിവ സംബന്ധിച്ച വിവരങ്ങളാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും, ഹർജിക്കാരൻ 2002-ൽ സമർപ്പിച്ച ഹർജി അന്നത്തെ ഭരണ സമിതി യോഗത്തിന്റെ അജ യിൽപ്പെടുത്തി-യിരുന്നുവെന്നും, ഭരണ സമിതി തീരുമാനം ഉ ാകുന്നതിന് താമസം വന്നതിനാലാണ് തീരുമാനം എടുക്കാൻ താമസിച്ചതെന്നും 2-ാം എതൃകക്ഷിയുടെ റിപ്പോർട്ടിൽ പറയുന്നു. ആവശ്യപ്പെട്ട വിവരങ്ങൾ പഴക്കമേറിയതായതിനാലും മുൻ മാനേജിംഗ് ഡയറക്റുമായും, മുൻ ഭരണ സമിതിയുമായും ബന്ധപ്പെട്ടവ ആയതിനാലും വിവരങ്ങൾ ശേഖരിക്കാൻ ബുദ്ധിമുട്ടുകൾ ഉ ായി എന്നും റിപ്പോർട്ടിൽ പറയുന്നു.

4. അപ്പീൽ ഹർജിക്കാരൻ 7.11.2006-ന് ഒന്നാം എതൃകക്ഷി മുൻപാകെ സമർപ്പിച്ച അപേക്ഷ സമയബന്ധിതമായി തീർപ്പാക്കാത്തതിന് 1-ാം എതൃകക്ഷിക്കെതിരെ വിവരാവകാശ നിയമ പ്രകാരം പിഴശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിന് കമ്മിഷൻ നോട്ടീസ് നൽകി. ഇതനുസരിച്ച് 1-ാം എതൃകക്ഷി 24.7.07-ന് കമ്മിഷൻ മുൻപാകെ ഹാജരാവുകയും വാക്കാലും രേഖാ-മൂലവുമുള്ള വിശദീകരണം നൽകുകയും ചെയ്തു. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം അനുസരിച്ച് തനിക്ക് ലഭിക്കുന്ന ആദ്യത്തെ അപേക്ഷ ആയിരുന്നുവെന്നും ആവശ്യപ്പെട്ട വിവരങ്ങൾ കാലപഴക്കമുള്ളതിനാലും ജീവനക്കാരുടെ ദൗർലഭ്യമുള്ളതിനാലുമാണ് അപേക്ഷ തീർപ്പാക്കാൻ കാലതാമസം വന്നതെന്നും 1-ാം എതൃകക്ഷി കമ്മിഷൻ മുൻപാകെ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു.

4. അപ്പീൽ ഹർജിയും 2-ാം എതൃകക്ഷിയുടെ റിപ്പോർട്ടും 1-ാം എതൃകക്ഷി കമ്മിഷൻ മുൻപാകെ വാക്കാലും രേഖാമുലവും നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച കമ്മിഷൻ താഴെപറയുന്ന നിരീക്ഷണങ്ങൾ നടത്തി.

(i) അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ തീർപ്പാക്കി 28.6.2007-ന് 1-ാം എതൃ കക്ഷി മറുപടി നൽകിയിട്ടു ്.

(ii) കൺസ്യൂമർഫെഡിൽ പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാന നിർദ്ദേശം ചെയ്തിരിക്കുന്നത് ആ ഓഫീസിലെ ഒരു സീനിയർ ക്ളാർക്കായ 1-ാം എതൃകക്ഷിയെ ആണ്. കേരള സർക്കാർ 77000/സി.ഡി.എൻ/05/06 പൊ.ഭ.വ. നംപർ ആയി 30.10.06-ൽ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസരണമായല്ല പബ്ളിക് ഇൻഫർമേഷൻ ഓഫീറെ സ്ഥാന നിർദ്ദേശം ചെയ്തിരിക്കുന്നത്. കഴിയുന്നതും, പദവികൊ ു തന്നെ അതാതു ഓഫീസിലെ /സ്ഥാപനങ്ങളിലെ വിവര സൂക്ഷിപ്പുകാരിൽ നിന്നും എളുപ്പത്തിൽ വിവരങ്ങൾ ശേഖരിച്ചു നൽകുവാൻ പ്രാപ്തിയുള്ള ഓഫീസർമാരെ ആയിരിക്കണം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരായി സ്ഥാന നിർദ്ദേശം ചെയ്യേ തെന്നാണ് മേൽപ്പറഞ്ഞ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഉയർന്ന തലത്തിൽ ഉദ്യോഗസ്ഥരുള്ള കൺസ്യൂമർഫെഡ് ഓഫീസിൽ താഴെ തലത്തിലുള്ള ഒരു ക്ളാർക്കിനെ പബ്ളിക് ഇൻഫർമേഷൻ ഓഫീറായി സ്ഥാന നിർദ്ദേശം ചെയ്തത് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് അനുസൃതമായ നടപടിയല്ല.

(iii) അപ്പീൽ ഹർജിക്കാരൻ 7.11.06-ന് 1-ാം എതൃകക്ഷി മുൻപാകെ സമർപ്പിച്ച അപേക്ഷ ഒരു ചോദ്യാവലിയുടെ രൂപത്തിലുള്ളതാണ്. അപേക്ഷകൻ ആവശ്യപ്പെട്ടത് തികച്ചും സ്വകാര്യ സ്വഭാവമുള്ളതും പൊതുതാൽപര്യമില്ലാത്തതുമായ വിവരങ്ങളാണ്.

5. മേൽപ്പറഞ്ഞ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(i) അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ തീർപ്പാക്കികൊ ് 28.6.07-ന് മറുപടി നൽകിയിട്ടുള്ളതിനാൽ മറുപടി ലഭിച്ചില്ലാ എന്ന പരാതിയിൽ നടപടി അവസാനിപ്പിക്കുന്നു.

(ii) കൺസ്യൂമർഫെഡിൽ പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാന നിർദ്ദേശം ചെയ്തിരിക്കുന്നത് കേരള സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടല്ല. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി ഉയർന്ന തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ സ്ഥാന നിർദ്ദേശം ചെയ്തുകൊ ും അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറെയും അപ്പലേറ്റ് അധികാരിയെയും നിശ്ചയിച്ചുകൊ ും 2-ാം എതൃകക്ഷി ഉത്തരവ് പുറപ്പെടുവിക്കേ തും ഉത്തരവിന്റെ പകർപ്പ് കമ്മിഷൻ സെക്രറിക്ക് സമർപ്പിക്കേ തുമാണ്. കൺസ്യൂമർഫെഡിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും മേൽപറഞ്ഞ പ്രകാരം അസിസ്റ്റൻറ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെയും പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാന നിർദ്ദേശം ചെയ്യേ താണ്.

(iii) അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കാലപഴക്കമുള്ളതായിരുന്നു, അപേക്ഷ 1-ാം എതൃകക്ഷി മുൻപാകെ ലഭിക്കുന്ന ആദ്യത്തെ അപേക്ഷ ആയിരുന്നു, അപേക്ഷ ചോദ്യാവലിയുടെ രൂപത്തിലായിരുന്നു, പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാന നിർദ്ദേശം ചെയ്തിരിക്കുന്നത് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശ പ്രകാരം ആയിരുന്നില്ല എന്നീ കാര്യങ്ങൾ കണക്കിലെടുത്ത് കൊ ്, 1-ാം എതൃകക്ഷിക്കെതിരെ ആരംഭിച്ച പിഴശിക്ഷാ നടപടികൾ കമ്മിഷൻ അവസാനിപ്പിക്കുന്നു.

2007 ആഗസ്റ്റ് മാസം 9-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.